LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

1986 ജൂലായ് 28, തിങ്കൾ

വാല്യം LXVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 18

നിയമസഭ 1986 ജൂലായ് 28-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

ലക്ഷംവീട് ലഭിച്ചവർക്ക് പട്ടയം

* 287 [427] ശ്രീ. വി. കെ. രാജൻ:
,, പി. കുമാരൻ:
,, കെ. ടി. കുമാരൻ:
,, കെ. പി. പ്രഭാകരൻ:
,, കെ. ഇ. ഇസ്മയിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്ഷംവീടു ലഭിച്ചവർക്ക് പട്ടയം നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) അവർക്ക് പട്ടയം നൽകുവാൻ നടപടി സ്വീകരിക്കുമോ?

റവന്യൂവകുപ്പു മന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) ഇല്ല. ഇപ്രകാരം വീടിനുവേണ്ടി വാങ്ങുന്ന സ്ഥലത്തിന് പദ്ധതിയുടെ ചട്ടപ്രകാരം പട്ടയം നൽകാറില്ല.

(ബി, സി) ലക്ഷംവീടുകൾക്ക് വേണ്ട സ്ഥലം പഞ്ചായത്തിൽ കൂടി ഗവൺമെന്റിന്റെ പേരിലാണ് വാങ്ങിയിട്ടുള്ളത്. അതിൽ പണിയുന്ന വീടും ഗവൺമെന്റിന്റെ പേരിലാണ്. നിലവിലുള്ള നിയമപ്രകാരം ഇതിന് പട്ടയം നൽകുവാൻ സാദ്ധ്യമല്ല. പക്ഷേ ഈ കാര്യം ഗവൺമെന്റ് പുനഃപരിശോധിക്കുന്നതാണ്.

ശ്രീ. വി. കെ. രാജൻ: ലക്ഷംവീട് കൊടുത്തിട്ട് 16 വർഷമായി. മറ്റുപല വിഭാഗത്തിലുമുള്ള ആളുകൾക്ക് പട്ടയം കൊടുക്കാറുണ്ട്. മിച്ച ഭൂമി പതിച്ചുകിട്ടിയ ആളുകൾക്കും, പുറമ്പോക്കുഭൂമി പതിച്ചുകിട്ടിയ ആളുകൾക്കും പട്ടയം കൊടുക്കാറുണ്ട്. ഗവൺമെന്റ് എടുത്തുകൊടുത്ത വീടുകളിൽ താമസിക്കുന്ന ആളുകൾക്ക് ഗവൺമെന്റിന്റെ യാതൊരു ആനുകൂല്യങ്ങളും ലഭിക്കാനിടയില്ലാത്ത സാഹചര്യമുണ്ട്. അതുപോലെ തന്നെ അതിന്റെ മെയിന്റനൻസിന് ആവശ്യമായ പണം ഇല്ലാത്ത സാഹചര്യങ്ങളും പരിഗണിച്ചുകൊണ്ട് അവർക്ക് പട്ടയം കൊടുക്കാൻ ആവശ്യമായ രീതിയിൽ നിലവിലുള്ള നിയമം പുനഃപരിശോധിക്കാൻ തയ്യാറാകുമോ?

ശ്രീ. പി.ജെ. ജോസഫ്: കുറേ വർഷങ്ങളായി ഈ ഭൂമിയുടേയും വീടിന്റേയും കൈവശക്കാരായിരിക്കുന്ന ആളുകൾക്കു പട്ടയം കിട്ടാതിരിക്കുന്നതുകൊണ്ടുള്ള ബുദ്ധിമുട്ടുകൾ അവർ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. പക്ഷേ പട്ടയം കൊടുക്കണമെങ്കിൽ നിലവിലുള്ള ചട്ടങ്ങളിൽ ചില ഭേദഗതി വരുത്തേണ്ടതുണ്ട്. അതിനെപ്പറ്റി ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. കെ. രാജൻ: ലക്ഷംവീടുകളിൽ താമസിക്കുന്ന ആളുകളുടെ ജീവിതസാഹചര്യങ്ങൾ വളരെ മോശമാണെന്നു പറഞ്ഞു. അത് മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ രീതിയിൽ അവർക്ക് എന്തെങ്കിലും സാമ്പത്തിക സഹായം പ്രത്യേകമായിട്ട് കൊടുക്കുമോ; ഇപ്പോൾ പല പദ്ധതികൾ പ്രകാരം വീടുണ്ടാക്കി കൊടുക്കുന്നുണ്ട്. അന്ന് ചെറിയ സഹായത്തോടുകൂടിയാണല്ലോ ലക്ഷംവീടുകൾ ഉണ്ടാക്കിയത്. ഇന്ന് ലക്ഷംവീടുകളിൽ ഒരുവീട്ടിൽ രണ്ടു കുടുംബങ്ങളാണ് താമസിക്കുന്നത്. അതുകൊണ്ട് പല പ്രയാസങ്ങളും അവർക്കുണ്ട്. പുതിയ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ലക്ഷംവീട്ടിൽ താമസിക്കുന്ന വീട്ടുടമസ്ഥൻമാർക്ക് പ്രത്യേകമായ പരിഗണന കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പി. ജെ. ജോസഫ്: അത് രണ്ടു രീതിയിൽ കാണേണ്ടതാണ്. ലക്ഷംവീടുംപ്പെടെ, ഒരിക്കൽ ഗവൺമെന്റ് സഹായിച്ചിട്ടുള്ള ആളുകളെ ആവർത്തിച്ച് സഹായിക്കാൻ ഇന്ന് ഗവൺമെന്റിനു സാമ്പത്തിക ശേഷി ഇല്ല. ഒരു ആനുകൂല്യവും ലഭിക്കാത്ത ലക്ഷക്കണക്കിന് ആളുകളുണ്ട്. എന്നാൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഒരു വീട്ടിൽ ഒന്നിലേറെ കുടുംബങ്ങൾ കഴിയുകയാണെങ്കിൽ, അതിൽ പ്രായപൂർത്തിയായ അർഹതയുള്ള ആളുകൾ അപേക്ഷിച്ചാൽ അവർക്ക് പുതിയ പദ്ധതിയുടെ ആനുകൂല്യം ഗവൺമെന്റ് കൊടുക്കുന്നതാണ്.

ശ്രീ. പി. കുമാരൻ: ലക്ഷംവീടു കോളനികളിൽ ഒരു വീട്ടിൽ രണ്ടുകുടുംബങ്ങളാണ് താമസിച്ചുവരുന്നത്. പത്തുപതിനാറുകൊല്ലമായി അവിടെ മെയിന്റനൻസ് നടത്തുന്നില്ല. അതിനാൽ ലക്ഷംവീടുകളുടെ സ്ഥിതി വളരെ ശോചനീയമാണ്. ഗവൺമെന്റിൽ നിക്ഷിപ്തമായ സ്ഥലമെന്നുള്ള ബോധമാണ് അവർക്കുള്ളത്. ഇതുവരെ യാതൊരു റിപ്പെയറുകളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നോ അവിടെ താമസിക്കുന്ന ആളുകളുടെ ഭാഗത്തുനിന്നോ ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തു നടപടിയാണ് സ്വീകരിക്കാൻ പോകുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോസഫ്: ഒരു റിപ്പെയറും നടത്തിയിട്ടില്ല എന്നു പറയുന്നത് ശരിയല്ല. കുറേയാളുകൾ തങ്ങളുടെ വീടെന്നുള്ള നിലയിൽ (ആ വീട് അവരുടെ കയ്യിൽ നിന്നും തിരിച്ചെടുക്കുന്നതല്ല) റിപ്പെയറുകൾ നടത്തിയിട്ടുണ്ട്. ഗവൺമെൻറിലുള്ള കണക്കുകൾ പ്രകാരം നാലായിരത്തോളം വീടുകൾക്ക് റിപ്പെയറിന് ഒരു വീടിന് ആയിരത്തി അഞ്ഞൂറ് രൂപവച്ച് ഏതാണ്ട് ഇരുപത്തിമൂന്നുലക്ഷത്തോളം രൂപ ഇതിനകം വായ്പ നൽകിയിട്ടുണ്ട്. വീട് അവരുടെ സ്വന്തമാക്കുകയെന്നുള്ള നിലയ്ക്കും റിപ്പെയർ ചെയ്ത് ഭംഗിയായി കൊണ്ടുപോകുന്നതിനും പട്ടയം കൊടുക്കുന്നത് സഹായകരമാകുമെങ്കിൽ തീർച്ചയായും ഗവൺമെൻറ് ആ നിലയിൽ തീരുമാനമെടുക്കാം.

ശ്രീ. പി. കുമാരൻ: അവർക്ക് പട്ടയം കൊടുക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: ഞാൻ ആദ്യമേ പറഞ്ഞു, നിലവിലുള്ള ചട്ടങ്ങളിൽ ചില ഭേദഗതി വരുത്തണം. അത് ഏറ്റവും അടിയന്തിരമായി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. പി. പ്രഭാകരൻ: ലക്ഷംവീടും ആ സ്ഥലവും ഗവൺമെൻറിൻെറ വകയാണ്, പഞ്ചായത്തിൻെറ വകയാണെന്നു പറഞ്ഞു. ഗവൺമെൻറ് വക കെട്ടിടങ്ങളും ഗവൺമെൻറ് വക സ്ഥലവും അറ്റകുറ്റപ്പണികൾ നടത്തേണ്ട ബാദ്ധ്യതയും ഗവൺമെൻറിനാണ്. ആകെ നാലായിരം വീടുകൾക്ക് റിപ്പെയറിന് സഹായം കൊടുത്തു. അത് ഇപ്പോൾ ഒരുലക്ഷത്തിൽ കവിഞ്ഞുകാണും. നിയമത്തിൽ മാറ്റം വരുത്തുന്നതുവരെ മെയിൻറനൻസിൻെറ ചുമതല ഗവൺമെൻറ് വഹിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: ഗവൺമെൻറിൻെറ ഉടമയിലുള്ളതായി ഒരിക്കലും കണക്കാക്കിയിട്ടില്ല. മറിച്ച് ഈ വസ്തു കൈമാറാതിരിക്കുന്നതിനും പണയപ്പെടുത്താതിരിക്കുന്നതിനും, കൊടുത്തിട്ടുള്ള ആളുകൾ അവിടെത്തന്നെ താമസിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും വേണ്ടിയാണ് പട്ടയം കൊടുക്കാതെ അവകാശപത്രിക മാത്രം കൊടുത്തിട്ടുള്ളത്. മാത്രമല്ല കർഷകത്തൊഴിലാളികൾക്ക് സ്ഥലംകൊടുത്ത് വീടുവയ്ക്കുന്ന പരിപാടിയിലും പട്ടയം കൊടുക്കുന്നില്ല. അന്ന് തീർത്തിട്ടുള്ള അറുപതിനായിരം വീടുകളുടെ കേസ് മാത്രമല്ല, വേറേയും ലക്ഷക്കണക്കിന് കേസുകളുണ്ട്. അത് ഏറ്റെടുത്താൽ, ഇനിയും ലക്ഷക്കണക്കിന് ആളുകൾക്ക് സഹായം കൊടുക്കേണ്ടതായി വരും. അത് നയപരമായി സ്വീകരിക്കുന്നത് ഉചിതമായിരിക്കുകയില്ല. മറിച്ച് ഈ വീടുകളും സ്ഥലവും അവർക്ക് സ്വന്തമാക്കുന്നതിനുള്ള, അത് അവരുടേതുമാത്രമാണ് എന്ന നിലയിലുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. പി. പ്രഭാകരൻ: ലക്ഷംവീടിൻെറ തുടർച്ചയായിട്ടാണ് പഞ്ചായത്തുമുഖേന വീടുവയ്ക്കാൻ നാലുസെൻറ് സ്ഥലം കൊടുക്കുന്ന പരിപാടി ഇപ്പോൾ നടന്നുവരുന്നത്. ആ സ്ഥലത്തിനൊക്കെ അവരുടെ സ്വന്തം പേരിൽ പട്ടയം കൊടുക്കുന്നുണ്ട്. അത് അവർക്ക് അവകാശപ്പെട്ടതാണ്. അതിൻെറ പേരിൽ ചട്ടത്തിൽ ഭേദഗതി വരുത്തുന്നതിന് വളരെ താമസിക്കേണ്ട കാര്യമില്ല.

ശ്രീ. പി. ജെ. ജോസഫ്: കർഷകത്തൊഴിലാളികൾക്ക് ഭൂമി കൊടുക്കുന്നതിലും അവകാശപത്രിക മാത്രമേ കൊടുക്കുന്നുള്ളൂ; പട്ടയം കൊടുക്കുന്നില്ല. രണ്ടുകാര്യത്തിലും പട്ടയം കൊടുക്കുന്ന കാര്യത്തിലാണ് തീരുമാനമെടുക്കേണ്ടതെന്ന്. അത് ഏറ്റവും വേഗം ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ഇ. ഇസ്മയിൽ: സ്ഥലവും വീടും കൈമാറം ചെയ്യാൻ തീരുമാനിക്കാനും ആർക്കാണോ വീട് അനുവദിച്ചത് അവൻ ആ സ്ഥലത്ത് താമസിക്കുന്നതിന് ഉറപ്പുവരുത്താനുമാണ് പട്ടയം കൊടുക്കാത്തത് എന്ന് മന്ത്രി പറഞ്ഞു. അങ്ങനെ പട്ടയം കൊടുക്കാത്തതിനെ തുടർന്ന് സഹകരണ സ്ഥാപനങ്ങളിൽ നിന്നും ബാങ്കുകളിൽനിന്നും മറ്റ് സാമ്പത്തികസഹായങ്ങളും ലഭിക്കുന്ന മാധ്യമങ്ങളിൽ നിന്നും ലക്ഷംവീടുകളിൽ താമസിക്കുന്ന ആളുകൾക്ക് സഹായം നിഷേധിക്കുന്നത് സ്വന്തമായി താമസിക്കുന്ന വീടിന്റെ പട്ടയം ഇല്ലാത്തതുകൊണ്ടാണെന്നുള്ളത് പരിഗണിച്ച് അടിയന്തിരമായും അത്തരം സ്ഥാപനങ്ങളിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കാനുള്ള ഏർപ്പാടുകൾ അവർക്ക് കൊടുക്കുന്നതിനെ സംബന്ധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: അന്നത്തെ ഗവൺമെന്റ് വളരെയധികം ആലോചിച്ച് തീരുമാനമെടുത്തതാണ്. അതുകൊണ്ട് തെറ്റുപറ്റി എന്ന് പറയാൻ കഴിയുകയില്ല. 1972 മുതൽ കൊടുത്തിട്ടുള്ള സ്ഥലങ്ങൾ അവരുടെ അധീനതയിലിരിക്കുന്നുവെന്നുള്ളതു പരിഗണിച്ച് ഈ ബുദ്ധിമുട്ടുകൾ മനസ്സിലാക്കി അത് തീരുത്താനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ശ്രീ. കെ. ഇ. ഇസ്മയിൽ: പഞ്ചായത്തുകളിൽ ലക്ഷംവീടുകൾക്കു വേണ്ടി സ്ഥലമെടുക്കുകയും ലക്ഷംവീടുകൾ നിർമ്മിച്ചുകൊടുക്കാൻ കഴിയാതെവരുകയും ചെയ്ത പല പ്രദേശങ്ങളുണ്ട്. അത്തരം സ്ഥലങ്ങളെല്ലാം നാലുസെന്റ് വീതം വീടില്ലാത്ത ഭൂരഹിതരായിട്ടുള്ള ആളുകൾക്ക് വിതരണം ചെയ്യുന്നുണ്ട്. അവർക്കും ഈ സ്ഥലത്തിനെ സംബന്ധിച്ച് പഞ്ചായത്തിന്റെ റെക്കോർഡ് മാത്രമേകിട്ടുന്നുള്ളൂ. പട്ടയം കൊടുക്കുന്നില്ല. അതിനെ തുടർന്ന് ആ സ്ഥലവും കാത്തുകഴിയുകയും ഏതെങ്കിലും സ്ഥാപനങ്ങളിൽനിന്ന് സാമ്പത്തികസഹായം കിട്ടാതെ വരുകയും ചെയ്യുന്നു. അത്തരം സ്ഥലങ്ങളിലെങ്കിലും അടിയന്തിരമായി അവർക്ക് പട്ടയം പണയപ്പെടുത്തിയോ അല്ലയോ എന്ന നിലയിലോ സാമ്പത്തിക സഹായം കൊടുക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: ലക്ഷംവീടു പദ്ധതിയിൽ വീടു പണിയുന്നതിന് ഹൗസ് സൈറ്റ് മാത്രം കൊടുത്ത സ്ഥലങ്ങളുണ്ട്. ഇപ്പോൾ കർഷകത്തൊഴിലാളികൾക്ക് പട്ടയമില്ലാതെ അവകാശപത്രിക മാത്രം കൊടുത്ത സ്ഥലങ്ങളുണ്ട്. അങ്ങനെ ഗവൺമെന്റ് എന്തെങ്കിലും തരത്തിൽ കൊടുത്തിട്ടുള്ള സ്ഥലങ്ങളിൽ പുതിയ ഭവന നിർമ്മാണ പദ്ധതിയിൽ പട്ടയം ഇല്ലാതെതന്നെ അവർക്ക് വായ്പ കൊടുക്കാൻ ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്. ധാരാളം വീടുകൾ അങ്ങനെയുള്ള സ്ഥലങ്ങളിൽ പണിതുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ദിനകരൻ: ലക്ഷംവീടുകൾ താമസയോഗ്യമല്ലാതായിത്തീർന്നിരിക്കുന്ന അവസരത്തിൽ അതേസ്ഥാനത്ത് പുതിയ വീടുകൾ വച്ചുകൊടുക്കാൻ നടപടികൾ സ്വീകരിക്കുമോ; വെള്ളവും വെളിച്ചവും ലഭിക്കുന്നതിന് ഹരിജൻ കോളനികൾക്ക് നൽകുന്ന പരിഗണന ലക്ഷംവീടു കോളനികൾക്കുകൂടി നൽകുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: ബഹുഭൂരിപക്ഷം വീടുകളും റിപ്പെയർ ചെയ്ത് ശരിയാക്കാവുന്നതാണ്. ആ നിലയ്ക്ക് അത് നന്നാക്കി ആളുകൾ താമസിക്കണമെന്നാണ് എല്ലാവരും ആഗ്രഹിക്കുന്നത്. വെള്ളവും വെളിച്ചവും ലഭിക്കുന്നതിന് മുൻഗണന കൊടുക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ.കെ. ശശീന്ദ്രൻ: ലക്ഷംവീടു കോളനികളിൽ താമസിക്കുന്നവർക്ക് ആ ഭൂമിയും വീടും അവരുടെ സ്വന്തമല്ലെന്നുള്ള അന്യഥാബോധം ഉള്ളിൽ ഉള്ളതുകൊണ്ട് വീടുനന്നാക്കുന്നതിനും ഭൂമി സംരക്ഷിക്കുന്നതിനുമൊക്കെ ആവശ്യമായ നടപടിയാണ് പട്ടയംകൊടുക്കൽ. അതുകൊണ്ട് ഇപ്പോഴത്തെ നിലപാട് പുനഃപരിശോധിച്ച് പട്ടയംകൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. പി. ജെ. ജോസഫ്: ഈ സഭയിൽ എല്ലാ ഭാഗത്തുനിന്നും ഉയർന്നുവന്നിട്ടുള്ള അഭിപ്രായംകൂടി പരിഗണിച്ച് അവർക്ക് പട്ടയം കൊടുക്കാൻ വേണ്ട നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ലക്ഷംവീടുകളിൽ താമസിക്കുന്ന ആളുകൾക്കുള്ള ഹെറിഡിറ്റേറിയായിവരുന്ന റൈറ്റിനെ സംബന്ധിച്ച് ഗവൺമെന്റ് ഡയറക്ഷൻ എന്താണെന്നു വിശദീകരിച്ചാൽ കൊള്ളാം. ലക്ഷംവീട്ടിൽ താമസിക്കുന്ന ഒരാൾ മരിച്ചുപോയാൽ, അദ്ദേഹത്തിന് രണ്ടോ മൂന്നോ മക്കളുണ്ടെങ്കിൽ, അതിന്റെ ഹെറിഡിറ്റേറിയായ അവകാശം സ്ഥാപിച്ചുകിട്ടാനുള്ള നിയമപരമായ എന്തെങ്കിലും ഡയറക്ഷൻ കൊടുക്കാൻ ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. പി. ജെ. ജോസഫ്: അത്തരം തർക്കങ്ങളും ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. എന്തായാലും അതു വിശദമായി പരിശോധിച്ച് പറയുന്നതാണ്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: ലക്ഷം വീട് വിതരണം ചെയ്തിട്ട് 16 വർഷം കഴിഞ്ഞു. ഇപ്പോഴും പല സ്ഥലത്തും അത് അലോട്ട് ചെയ്തുകിട്ടിയ ആളുകളും പല അസൗകര്യങ്ങൾമൂലം അതു മറ്റ് ചില ആളുകൾക്ക് വിലയ്ക്കല്ലാതെ തന്നെ കൈമാറ്റം ചെയ്തിട്ടുണ്ട്. അങ്ങനെ മറ്റ് ചില ആളുകളാണ് ഇപ്പോൾ അവിടെ താമസിക്കുന്നത്. നിയമപരമായി ഇങ്ങനെ ചെയ്തുകൂടെന്നാണ് വയ്പ്. ഇവർക്ക് വോട്ടവകാശമുണ്ട്. റേഷൻകാർഡുമുണ്ട്. ഇങ്ങനെ താമസിക്കുന്ന ആയിരക്കണക്കിന് കുടുംബങ്ങളുണ്ട്. ഒരുമാതിരിയുള്ള ആളുകളൊന്നും അങ്ങനെ അവിടെപ്പോയി താമസിക്കുകയില്ല. അങ്ങനെയുള്ള ആളുകളെ സംബന്ധിച്ച്, യഥാർത്ഥത്തിൽ അർഹതയുള്ളവർക്ക് ഇതൊന്നു റഗുലറൈസ് ചെയ്തുകൊടുക്കാൻ പ്രത്യേകമായി എന്തെങ്കിലും നടപടി സ്വീകരിക്കുവാനും, ഇപ്പോൾ ആരുടെ കൈവശമിരിക്കുന്നോ അവർക്ക് അതു കൊടുത്ത് അവർക്ക് അതിന്റെ കൈവശാവകാശം പ്രഖ്യാപിക്കുന്നതിനുള്ള നടപടി കൂടി സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: അതു കൊടുക്കുമ്പോൾത്തന്നെ ഉദ്ദേശിച്ചത് ഇതു കൈമാറരുതെന്നാണ്. ആ വീട് ലഭിച്ചയാളുകൾ വേറെ വീടില്ലാത്തവരാണ്. അങ്ങനെ വീണ്ടും അവർ വേനരഹിതരായിത്തീരുവാനിടയാകരുതെന്നാണ് ഉദ്ദേശിച്ചിരുന്നത്. പ്രായോഗികമായി ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിശോധിക്കാവുന്നതാണ്.

ശ്രീ. കെ. പങ്കജാക്ഷൻ: ലക്ഷംവീട് പദ്ധതിയെത്തുടർന്ന്, അതിന്റെ ഭാഗമായിട്ടല്ലെങ്കിൽക്കൂടി ഹഡ്കോയുടെ സഹായം സ്വീകരിച്ചുകൊണ്ട് ഹൗസിംഗ് ബോർഡ് മുൻകൈയെടുത്തു ചില പദ്ധതികൾ ലക്ഷംവീടുപദ്ധതി പോലെതന്നെ തുടങ്ങി. ഇരുന്നൂറോളം വീടുകൾ അങ്ങനെ നിർമ്മിച്ചു. ആര്യനാട് പ്രദേശത്ത് അങ്ങനെ ഒരു കോളനിയുണ്ട്. ലക്ഷംവീടുകൾ കൊടുക്കുന്നതിനുള്ള അതേവ്യവസ്ഥതന്നെയാണ് ഇവിടേയും സ്വീകരിച്ചത്. ഇവർക്കും ഈ സൗകര്യങ്ങൾ ഒന്നും

LIBRARY ARCHIVES Kerala Legislative Assembly

കിട്ടിയിട്ടില്ല. ഭൂമി അവർക്ക് കൈമാറിയിട്ടില്ല. ഇതു പരിശോധിക്കണമെന്നു ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. ഇത്തരം പ്രശ്നങ്ങളിൽ എന്തു നടപടി സ്വീകരിക്കാൻ കഴിയുമെന്നു വ്യക്തമാക്കാമോ?

ശ്രീ. പി. ജെ. ജോസഫ്: ഞാൻ വിചാരിക്കുന്നത് ഇതു കർഷകത്തൊഴിലാളികൾക്കുവേണ്ടി ഒരു പ്രത്യേക ഭവനനിർമ്മാണ പരിപാടി ഉണ്ടായിരുന്നതാണെന്നാണ്. ഹഡ്കോയുടെ സഹായത്തോടുകൂടിത്തന്നെ ചില ചെറിയ ചെറിയ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരം സ്ഥലങ്ങളിലുണ്ടായിട്ടുള്ള പ്രായോഗികമായ ബുദ്ധിമുട്ടുകൾ ഗവൺമെന്റ് സമഗ്രമായി ഒന്നുകൂടി പരിശോധിച്ച് അവ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ഇ. കെ. നായനാർ: വീടില്ലാത്ത ആദിവാസികളുടെ പ്രശ്നമാണിത്. എന്റെ മണ്ഡലത്തിലെ പ്രശ്നമായതുകൊണ്ട് പറയാൻ മടിയുണ്ട്. അവിടെയിപ്പോഴും ഇരുപത്തിയഞ്ചോളം ആദിവാസികൾക്ക് വീടില്ല. ഇവിടെ എന്തു തിരുമാനം വന്നാലും അതു നടപ്പാകുകയില്ല. നിങ്ങൾ എന്തു പ്രസ്താവന ചെയ്തിട്ടും പ്രയോജനമൊന്നുമില്ല. തോണിപ്രദേശത്തുള്ള ഈ ഇരുപത്തഞ്ചോളം ആദിവാസികൾക്ക് വീട് കൊടുക്കുമെന്നു നിങ്ങൾക്ക് ഉറപ്പിച്ച് പറയാമോ? അവർ ഉടമകളുടെ അടിമകളായിട്ടാണ് ജീവിക്കുന്നത്. ഭൂമി കൊടുക്കാമെന്നു ഉറപ്പിച്ചു പാഞ്ഞിട്ടുണ്ട്. പക്ഷേ അവർക്ക് ഭൂമി കൊടുത്തിട്ടില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്.

ശ്രീ. പി. ജെ. ജോസഫ്: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചോദിച്ചിട്ട് രൊഴ്ചയേ ആയുള്ളൂ. ഞാൻ അന്നുതന്നെ കളക്ടറെ വിളിച്ചുപറഞ്ഞിട്ടുണ്ട്. രണ്ടാമത് എനിക്ക് റിപ്പോർട്ട് കിട്ടിയില്ല. അതിനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. പാലക്കാട് മുനിസിപ്പാലിറ്റിയിലുള്ളവരെ മുഴുവൻ പുനരധിവസിപ്പിക്കുന്നതിനുള്ള പരിപാടി ഒരുവശത്ത് നടന്നുവരുന്നു. ഞാൻ വെറുതെ പറയുന്നതല്ല. 86 വീടുകളുടെ പണി ഒരു സ്ഥലത്ത് ഭംഗിയായി നടന്നുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം ഈ സംസ്ഥാനത്തെ ജനങ്ങൾക്കുവേണ്ടിയാണ്. അതിൽ ഒരു പക്ഷഭേദവുമില്ല. ഇക്കാര്യം പ്രതിപക്ഷനേതാവ് പറഞ്ഞ അതേ സ്പിരിറ്റിൽത്തന്നെ കളക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നു അദ്ദേഹത്തിച്ചു പറയാം.

ശ്രീ. സി. ടി. കുര്യൻ: ലക്ഷംവീടുകളിൽ താമസിക്കുന്നവർക്ക് പട്ടയം കൊടുക്കുവാനുള്ള പ്രയാസമൊന്നുമില്ല. പഞ്ചായത്തുകളിൽ അവരുടെ പേരും ലിസ്റ്റുമെല്ലാമുണ്ട്. വില്ലേജാഫീസർമാരെ വിളിച്ച് ഈ ലിസ്റ്റ് ഒന്നു കൈമാറിയാൽ ഒരാഴ്ചക്കകം കൊടുക്കാവുന്നതാണ്. ലക്ഷക്കണക്കിന് ആളുകൾക്ക് പട്ടയം കൊടുത്തുവെന്നു മന്ത്രിക്ക് വേണമെങ്കിൽ പ്രഖ്യാപിക്കുകയും ചെയ്യാം. വളരെ ശോചനീയമാണ് ലക്ഷംവീടുകളുടെ സ്ഥിതി. അവർക്ക് മലമൂത്രവിസർജ്ജനം നടത്തുന്നതിനു കക്കൂസുകളോ ഒരു ശ്മശാനമോ ഇല്ല. ശ്മശാനമില്ലാത്തതുകൊണ്ട് ഒരു കുട്ടി മരിച്ചപ്പോൾ അമ്മിക്കല്ലിനടിയിൽ മറവു ചെയ്തെന്നു പത്രങ്ങളിൽ വാർത്ത വന്നതാണ്. അതുകൊണ്ട് പ്രത്യേകപരിഗണന കൊടുത്ത് ഇക്കാര്യങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: 1972-ൽ തുടങ്ങി, നടപ്പിലാക്കി, അതിനുശേഷം ഗവൺമെന്റുകൾ മാറിമാറി വന്നു. ഈ ബുദ്ധിമുട്ടുകളൊക്കെ അക്കാലത്തും ഉണ്ടായിരുന്നു. ഇത് ഒരു ദിവസംകൊണ്ട് ഉണ്ടായതല്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ വന്ന അഭിപ്രായങ്ങളുടെ പശ്ചാത്തലത്തിൽ അവിടെ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ ശ്രമിക്കുന്നതാണ്.

ശ്രീ. കെ. മുസ്സക്കുട്ടി: ലക്ഷംവീടുകളിൽ താമസിക്കുന്നവർക്ക് പട്ടയം കൊടുക്കാത്തതിന്റെ ഫലമായി അവർ അനുഭവിക്കുന്നതുപോലെയുള്ള പ്രയാസങ്ങൾതന്നെയാണ് തീരപ്രദേശങ്ങളിൽ താമസിക്കുന്നയാളുകളും പട്ടയം കിട്ടാത്തതിന്റെ ഫലമായി അനുഭവിക്കുന്നത്. ലക്ഷംവീടുകാരെക്കൊടുക്കുന്ന അതേ പരിഗണനവച്ച് ഈ പാവപ്പെട്ട ആളുകൾക്കും പട്ടയം കൊടുക്കാനുള്ള ഉത്തരവുണ്ടാകുമോ?

ശ്രീ. പി. ജെ. ജോസഫ്: തീരപ്രദേശത്തുള്ള മൽസ്യത്തൊഴിലാളികൾക്ക് പട്ടയം കൊടുക്കുന്നതിന് പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ട്. 1982-നു ശേഷം പതിനയ്യായിരത്തോളം ആളുകൾക്ക് പട്ടയം കൊടുത്തുകഴിഞ്ഞു. ഇത്തരം കേസുകൾ പ്രത്യേകമായി കൈകാര്യം ചെയ്യാൻ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. എസ്. ആർ. തങ്കരാജ്: ലക്ഷംവീടു പദ്ധതിയനുസരിച്ച് പ്ലോട്ടുകൾ അലോട്ടു ചെയ്തിട്ടും കെട്ടിടം വച്ച് കിട്ടാത്ത ആളുകളുണ്ട്. അവർ ഷെഡ്ഡുകൾ വച്ച് താമസിക്കുകയാണ്. വർഷംതോറും ഈ ലാൻഡ്ലെസ് ലേബറേഴ്സിനുള്ള നാലു സെന്റ് വീതം അലോട്ട് ചെയ്യുന്ന സ്ഥലത്ത് കെട്ടിടം കെട്ടാത്തതുകൊണ്ട് ഷെഡ്ഡുകൾ കെട്ടി ആളുകൾ താമസിക്കുകയാണ്. അവർക്ക് എൻ.ആർ.ഇ.പി., ആർ എൽ. ഇ.ജി.പി. സ്കീമുകൾ അനുസരിച്ച് കെട്ടിടം കെട്ടുന്നതിന് പട്ടയമില്ലാത്തതുകൊണ്ട് സാങ്കേതികമായ പ്രശ്നങ്ങളുണ്ട്. ഇങ്ങനെ പ്ലോട്ടുകൾ അലോട്ടു ചെയ്തു കിട്ടിയിടത്ത് ഷെഡ്ഡുകൾ കെട്ടി താമസിക്കുന്ന ആളുകൾക്ക് കെട്ടിടം കെട്ടുന്നതിന് ഇത്തരം സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻവേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: ഇതുപോലെയുള്ള ദുർബ്ബല വിഭാഗങ്ങളുടെ പാർപ്പിട നിർമ്മാണ പദ്ധതികളിലൊന്നും പട്ടയം നിർബന്ധമാക്കിയിട്ടില്ല. മറിച്ച് പട്ടയം ആവശ്യപ്പെടേണ്ടതില്ല; ഗവൺമെന്റ് അവർക്ക് കൊടുത്തിട്ടുള്ള ഭൂമിയിൽ വേഗനിർമ്മാണ പദ്ധതി നടപ്പിലാക്കുമെന്നു പറഞ്ഞിരുന്നു. ഇത്തവണ നടപ്പിലാക്കിയിട്ടുള്ള ലക്ഷംവീട് പദ്ധതിയിൽ അയ്യായിരത്തോളം വീടുകൾ ഇങ്ങനെയുള്ള സ്ഥലങ്ങളിൽ പണിതുകൊണ്ടിരിക്കുകയാണ്. കുറെക്കൂടി പണിയാൻ തീരുമാനിച്ചിട്ടുണ്ട്. എൻ. ആർ. ഇ. പി., യിലും ആർ.എൽ.ഇ.ജി.പി. യിലും ഇതുപോലെയുള്ള നിയന്ത്രണങ്ങളില്ല.

ശ്രീ. എ. വി. താമരാക്ഷൻ: ഈ ലക്ഷംവീട് പദ്ധതിയിൽപ്പെട്ടവർക്ക് പട്ടയം കൊടുക്കുന്നതുപോലെതന്നെ ആലപ്പുഴ മുനിസിപ്പാലിറ്റി അതിർത്തിയിൽപ്പെട്ട ലെജിനത്ത്, ബീച്ച്, ജെട്ടിയ, അലിശ്ശേരി തുടങ്ങിയ വാർഡുകളിലുള്ള ആയിരക്കണക്കിന് കുടുംബങ്ങൾക്കുകൂടി 3 സെന്റ് ഭൂമിയും അതിനു പട്ടയവും കൊടുക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: അത് ഇനി ഭൂമി കൊടുക്കേണ്ട കാര്യമാണ്. ആലപ്പുഴ പട്ടണത്തോടു ചേർന്നുകിടക്കുന്ന പ്രദേശങ്ങളിലുള്ള ബുദ്ധിമുട്ടുകൾ ബഹുമാനപ്പെട്ട മെമ്പറുംപ്പെടെയുള്ളവർ എന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. അവിടെ കുറച്ചു ഭൂമി ഇത്തവണ എടുത്തുകൊടുക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. കണാരൻ: ദുർബ്ബലജനവിഭാഗങ്ങളാണ് മുഖ്യമായും ലക്ഷംവീടുകളിൽ താമസിക്കുന്നത്. അവിടെയാണെങ്കിൽ വെള്ളം, വെളിച്ചം, കക്കൂസ് തുടങ്ങിയ സൗകര്യങ്ങളൊന്നുമില്ല. അവരുടേതല്ല ഈ ഭൂമിയെന്നുള്ളതുകൊണ്ട് അവർക്ക് സ്വന്തമായിട്ട് ഇക്കാര്യങ്ങൾക്കുവേണ്ടി എന്തെങ്കിലും ചെയ്യാനും നിവൃത്തിയില്ല. അതുമാത്രവുമല്ല നിരവധിപ്രാവശ്യം ഒരുവിട് ഒകെമാറിക്കൊണ്ടിരിക്കുന്നു എന്ന വസ്തുതയുമുണ്ട്. ഇതിനൊക്കെ പരിഹാരമായി ഒരു സമ്പൂർത്തമായ നടപടിയെന്നുള്ള നിലയിൽ അവർക്ക് പട്ടയം കൊടുക്കുവാനും പ്രത്യേകിച്ച് അവരുടെ പ്ലോട്ടുകളുടെ അതിർത്തിയെ സംബന്ധിച്ചു നടക്കുന്ന ശണ്ഠയും ബഹളവും കത്തിക്കുത്തും അവസാനിപ്പിക്കുന്നതിനുള്ള പരിഹാരമെന്നുള്ള നിലയിൽ അവരുടെ പ്ലോട്ടുകൾ അളന്ന് അതാത് ആളുകൾക്ക് പതിച്ചുകൊടുക്കുവാനുമുള്ള നടപടിയുണ്ടാകുമോ?

ശ്രീ. പി. ജെ. ജോസഫ്: അതേപ്പറ്റി പറഞ്ഞുകഴിഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ: ലക്ഷം വീടുകളിൽ ഒരു ഭിത്തിയുടെ അപ്പുറത്തും ഇപ്പുറത്തുമായി വ്യത്യസ്ത സമുദായങ്ങളിൽപ്പെട്ട രണ്ട് കുടുംബങ്ങളാണ് ഇപ്പോൾ താമസിച്ചുവരുന്നത്. അതുകൊണ്ട് അവിടെ കുടുംബകലഹം സർവ്വസാധാരണമാണ്. ഈ നരകതുല്യമായ ദുഃഖം അവസാനിപ്പിക്കുന്നതിനുവേണ്ടി ഓരോ വീടുകൾക്കും പ്രത്യേകിച്ച് സ്ഥലവും താമസസൗകര്യവും ഫർപ്പാട് ചെയ്തുകൊടുക്കുന്നതിന് നടപടിയെടുക്കുമോ?

ശ്രീ. പി. ജെ. ജോസഫ്: ഇടയ്ക്ക് ഒരു ഭിത്തിയുള്ളതുകൊണ്ട് ഈ പറയുന്നത്ര അപകടമില്ല. മാത്രമല്ല ഓരോ വീട്ടുകാർക്കും ഓരോ സ്ഥലവും കെട്ടിടവുമെന്നുള്ളത് കേരളത്തിൽ അത്ര പ്രായോഗികമല്ലാതെ വരികയാണ്. ഇവിടെ ഫ്ളാറ്റുകൾ കൂട്ടുതലായി പണിയേണ്ടിയിരിക്കുന്നു. തീരപ്രദേശങ്ങളിൽ പ്രത്യേകമായ രീതിയിലുള്ള ഫ്ളാറ്റുകൾ പണിയണം. പട്ടണ പ്രദേശങ്ങളിൽ ഓരോ സ്ഥലവും ഓരോ വീടും സാധിക്കുകയില്ല. അതുകൊണ്ട് വീടുകളുടെ നിരയും ഇടയ്ക്ക് ഒരു ഭിത്തിയും മാത്രമേ ഇനി കാണുകയുള്ളൂ.

കേരള ഖാദി ബോർഡിന്റെ പുതിയ പദ്ധതികൾ

* 283 [423] ശ്രീ. മണിമംഗലത്തു കുട്ടപ്പാലി:
,, കെ. കെ. തോമസ്:
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ:
,, ടി. എച്ച്. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഖാദിബോർഡ് പുതുതായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതുമൂലം പുതുതായി എത്ര പേർക്കു ജോലി ലഭിക്കും?

വ്യവസായവകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ, ബി) കേരള ഖാദി ബോർഡ് ഏഴാം പദ്ധതിക്കാലത്ത് രണ്ടു ലക്ഷം പേർക്ക് തൊഴിൽ നൽകാൻ സാദ്ധ്യതയുള്ളതായി കരുതപ്പെടുന്ന ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അത് ഗവൺമെന്റ് പരിശോധിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly